## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 589**     **6.3.2012-ൽ മറുപടിക്ക്**

### മാലിന്യസംസ്കരണ പ്രശ്നം പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മോൻസ് ജോസഫ് :**<br>**" റ്റി.യു.കുരുവിള :** | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) നഗരസഭകൾ നേരിടുന്ന ഏറ്റവും വലിയ ജനകീയ പ്രശ്നമായ മാലിന്യ സംസ്കരണ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) നഗരസഭകളിലെ നിലവിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും അവ കുറ്റമറ്റതാക്കുന്നതിനും ഖരമാലിന്യ സംസ്കരണ പ്ളാന്റ് ഇല്ലാത്ത നഗരസഭകളിൽ അവ സ്ഥാപിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും പൂർണ്ണമായും സാമ്പത്തിക സഹായം നൽകുന്ന നടപടികൾ കൈക്കൊണ്ടു വരുന്നു. ഇത്തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് നഗരസഭകളിലെ എഞ്ചിനീയറിംഗ്/ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും മോഡൽ പദ്ധതി അവർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ അതത് നഗരസഭയ്ക്ക് യോജിച്ച രീതിയിൽ പദ്ധതി തയ്യാറാക്കി നൽകുന്ന മുറക്ക് അനുമതിയും സാമ്പത്തിക സഹായവും നൽകി വരുന്നു. ഇതു കൂടാതെ പരിഷ്കരിച്ച ബയോമെതനേഷൻ, പൈറോളിസിസ്, ഗ്യാസിഫിക്കേഷൻ, തുടങ്ങിയുള്ള ആധുനിക മാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള പ്ളാന്റുകൾ തുടക്കത്തിൽ തിരുവനന്തപുരം, പിന്നീട് എറണാകുളത്തും കോഴിക്കോടും മറ്റു ജില്ലകളിലും നടപ്പാക്കുന്നതിന് ശ്രമം നടത്തി വരുന്നു. കൂടാതെ, വികേന്ദ്രീകൃത |

| | | | |
|---|---|---|---|
| | | | മാലിന്യസംസ്കരണം നിർബ്ബന്ധമാക്കി<br>ക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടു<br>മുണ്ട്. |
| ബി) | ആധുനിക സാങ്കേതികവിദ്യ<br>ഉപയോഗിച്ച് മാലിന്യസംസ്കരണ<br>പ്ലാന്റുകൾ സ്ഥാപിക്കുവാൻ<br>എന്തെല്ലാം നടപടികൾ<br>സ്വീകരിച്ചിട്ടുണ്ടെന്ന്<br>വ്യക്തമാക്കാമോ ; | ബി) | ആധുനിക സാങ്കതിക വിദ്യകൾ<br>ഉപയോഗിച്ചുള്ള മാലിന്യസംസ്കരണ<br>ശാലകൾ നിർമ്മിക്കുന്നതിലേക്ക് മൂന്ന്<br>സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി<br>യുള്ള പ്രതിദിനം 25-35 ടൺ മാലിന്യം<br>സംസ്കരിക്കാൻ പറ്റുന്ന<br>സംസ്കരണശാലകൾ നിർമ്മിക്കാൻ<br>സന്നദ്ധതയുള്ള 12 ഏജൻസികളെ<br>സർക്കാർ തലത്തിൽ മുൻഗണനാ<br>ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>തിരുവനന്തപുരം ജില്ലയിൽ<br>മൂന്നിടങ്ങളിൽ പൈലറ്റ്<br>പ്രോജക്ടുകൾ സ്ഥാപിക്കുന്നതി<br>ലേക്ക് മുൻഗണനാ ലിസ്റ്റിൽ<br>ഉൾപ്പെട്ടവരിൽ നിന്നും സാങ്കേതിക<br>സാമ്പത്തിക ദർഘാസുകൾ<br>ക്ഷണിച്ചിട്ടുണ്ട്. എറണാകുളത്തും<br>കോഴിക്കോട്ടും പ്ളാന്റുകൾ<br>സ്ഥാപിക്കാനുള്ള പ്രാഥമിക<br>നടപടികൾ ICICI KINFRAയുടെ<br>സഹായത്തോടെ ശുചിത്വ മിഷൻ<br>എടുത്തു വരുന്നു. |
| സി) | പ്രസ്തുത പദ്ധതികൾക്കുവേണ്ട<br>സാമ്പത്തികസഹായം<br>നഗരസഭകൾക്കു നൽകുന്നതിന്<br>നടപടി സ്വീകരിക്കുമോ ? | സി) | ഇപ്പോൾ Public Private<br>Partnership രീതിയിൽ Build<br>Operate Transfer<br>അടിസ്ഥാനത്തിലാണ് പ്രസ്തുത<br>പദ്ധതികൾ വിഭാവന ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ